"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ്- കാസറഗോഡ് ജില്ലയിലെ കുമ്പള ഉപജില്ലയിലെ പള്ളങ്കോട് എസ് എസ് എ എൽ പി എസ് -ലെ അറബിക് അദ്ധ്യാപികയായ ശ്രീമതി .ആദില.കെ.എ യുടെ നിയമനാംഗീകാരം സംബന്ധിച്ച് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്

സ.ഉ.(സാധാ) നം.2470/2022/GEDN തീയതി,തിരുവനന്തപുരം, 18-04-2022

പരാമർശം:-
1. സ.ഉ(സാധാ) നം. 4567/2021/പൊ.വി.വ തീയ്യതി 12/10/2021
2. 06/02/2021 തീയതിയിലെ സ.ഉ(പി) നം. 4/2021/പൊ.വി.വ
3. കുമ്പള ഉപജില്ലയിലെ പള്ളങ്കോട് എസ്.എസ്.എ.എൽ.പി സ്കൂൾ മാനേജർ നല്കിയ റിവിഷൻ പെറ്റീഷൻ
4. 08/03/2022 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ജി5/14153/2021/ഡി.ജി.ഇ. നമ്പർ റിപ്പോർട്ട്.

ഉത്തരവ്

കാസറഗോഡ് ജില്ലയിലെ കുമ്പള ഉപജില്ലയിലെ പള്ളങ്കോട് എസ് എസ് എ എൽ പി എസ് -ലെ അറബിക് അദ്ധ്യാപികയായ ശ്രീമതി .ആദില.കെ.എ യുടെ നിയമനാംഗീകാരം 01-06-2016 മുതൽ നോഷണലായും 06/02/2021 മുതൽ സാമ്പത്തികാനുകൂല്യത്തോടെയും നിയമനാംഗീകാരം നൽകണമെന്ന അപേക്ഷയുമായി പരാമർശം 3 പ്രകാരം മാനേജർ റിവിഷൻ അപ്പീൽ സമർപ്പിച്ചിരുന്നു.

2. പള്ളങ്കോട് എസ്.എസ്.എ.എൽ.പി സ്കൂളിൽ 2013-14 വർഷത്തിൽ 2 അറബിക് തസ്തികകൾ ഉണ്ടായിരുന്നതിൽ ഒരു തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീ.സിതിക്കുടി. എം വിരമിച്ചതിനെ തുടർന്ന് 2014-15, 2015-16 കാലയളവിൽ നിയമനം നടത്തിയിരുന്നില്ല. പിന്നീട് 2016-ൽ ആദില കെ എ യെ അറബിക് അദ്ധ്യാപികയായി നിയമിക്കുകയും നിയമനം അംഗീകരിക്കുന്നതിന് കുമ്പള ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നല്കിയിരുന്നെങ്കിലും രണ്ട് അദ്ധ്യയന വർഷങ്ങളിൽ നിയമനം നല്കാത്തതിനാൽ അഡീഷണൽ തസ്തികയായി മാത്രമേ വിരമിക്കൽ ഒഴിവിനെ കണക്കാക്കാൻ കഴിയൂ എന്ന് കണക്കാക്കി ശ്രീമതി.ആദിലയുടെ നിയമനം നിരസിക്കുകയാണുണ്ടായത്. 2015-16 വർഷം മുതൽ എസ്.എസ്.എൽ.പി.എസ് പള്ളങ്കോടിൽ ഒരു അറബിക് തസ്തിക കൂടി അനുവദിക്കണമെന്നപേക്ഷിച്ച് കൊണ്ട് മാനേജർ പുന:പരിശോധന ഹർജി സമർപ്പിച്ചിരുന്നുവെങ്കിലും ആയതും പരാമർശം 1 പ്രകാരം നിരസിച്ചിരുന്നു.

3. ആയതിനാൽ ശ്രീമതി ആദിലയ്ക്ക് നേരത്തേ അനുവദിച്ചതും ജോലിചെയ്തതും സർവീസിൽ നിന്നും വിരമിച്ചതുമായ തസ്തിക എന്ന നിലയിൽ 2016 മുതൽ ജോലിചെയ്യുന്ന ശ്രീ.ആദിലയ്ക്ക് മാനുഷിക പരിഗണന നല്കി നിയമനാംഗീകാരം നല്കണമെന്നതായിരുന്നു അപേക്ഷയിലെ ആവശ്യം.

4. കാസറഗോഡ് ജില്ലയിലെ കുമ്പള ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിലുള്ള പള്ളങ്കോട് എസ്.എസ്.എ.എൽ.പി സ്കൂളിൽ 2013-14 വർഷത്തിൽ 2 അറബിക് തസ്തികകൾ ഉണ്ടായിരുന്നതിൽ ഒരു തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീ.സിതിക്കുടി. എം 30.04.2014 ന് സേവനത്തിൽ നിന്നും വിരമിച്ച ഒഴിവിൽ 2 വർഷം കഴിഞ്ഞ് 01.06.2016 മുതൽ ശ്രീമതി. ആദില.കെ.എ. യെ മാനേജർ നിയമിച്ചു. അധിക തസ്തികയിലെ നിയമന വ്യവസ്ഥ പാലിക്കാത്തതിനാൽ പ്രസ്തുത നിയമനം കുമ്പള ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും നിരസിച്ചിരുന്നുവെന്നും പള്ളങ്കോട് എസ്.എസ്.എ.എൽ.പി സ്കൂളിൽ 2015-16 വർഷത്തെ തസ്തിക നിർണ്ണയവും, 2011-12 മുതൽ 2014-15 വരെയുള്ള വർഷത്തെ തസ്തിക പുന:നിർണയവും ഒരുമിച്ചാണ് നടത്തിയത്. പ്രസ്തുത തസ്തിക നിർണ്ണയം നടത്തുമ്പോൾ 1:45 അനുപാതത്തിൽ കുറവ് ചെയ്യപ്പെട്ട ഒരു അറബിക് തസ്തിക ജി .ഒ(പി)നം. 29/2016/പൊ.വി.വ തീയ്യതി 29//01/2016 പ്രകാരം 1:30 അനുപാതത്തിൽ നിലനിർത്താൻ വിട്ടുപോയി. തുടർന്ന് കുമ്പള ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ 19.01.2017 തീയ്യതിയിലെ ഡി/308/17 നമ്പർ ഉത്തരവ് പ്രകാരം ടി അറബിക് തസ്തിക പുനസ്ഥാപിച്ചുകൊണ്ട് ശുദ്ധിപത്രം(ഇറാട്ടം) പുറപ്പെടുവിച്ചിരുന്നുവെന്ന് പരാമർശം 4 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. 2015-16 വർഷത്തെ തസ്തിക നിർണയത്തിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചതിൽ മാനേജർ ഒരു അറബിക് അധിക തസ്തിക ആവശ്യപ്പെട്ടുവെങ്കിലും ഈ കാലയളവിൽ മാനേജർ നിയമനം നടത്തിയില്ല. ശ്രീ. സിതിക്കുടി.എം വിരമിച്ച ഒഴിവ് ഒരു വർഷത്തിലധികം നികത്തപ്പെട്ടില്ലായിരുന്നു. ഇക്കാരണത്താൽ 2015-16 വർഷത്തെ തസ്തിക നിർണയം നടത്തുമ്പോൾ ഒരു അറബിക് തസ്തിക മാത്രമെ അനുവദിച്ചിരുന്നുള്ളൂ. അധിക തസ്തിക അനുവദിച്ചിട്ടില്ല. സർക്കാർ ഉത്തരവ് (പി) നം. 134/2016/പൊ.വി.വ തീയതി 05/08/2016 പ്രകാരം 2015-16 അധ്യയന വർഷത്തെ തസ്തിക നിർണയം തന്നെ 2016-17 അധ്യയന വർഷവും ബാധകമായിരിക്കും എന്ന ഉത്തരവിന്റെ വെളിച്ചത്തിൽ 2016-17 അധ്യായന വർഷവും ഒരു അറബിക് തസ്തിക മാത്രമെ ഉണ്ടായിരുന്നുള്ളൂ . 2017-18 വർഷത്തെ തസ്തിക നിർണയ പ്രകാരം ഒരു അറബിക് അധിക തസ്തിക അനുവദിച്ചിട്ടുണ്ട്. പിന്നീട് 2016-17 വർഷത്തെ തസ്തിക നിർണയം നടത്തണമെന്ന് സർക്കാർ ഉത്തരവ് (കൈ) നം. 149/2017/പൊ.വി.വ തീയ്യതി 22/11/2017 പ്രകാരം തസ്തിക നിർണ്ണയം നടത്തിയതിലൂടെ ഒരു അറബിക് തസ്തിക 2016-17 വർഷം അനുവദിക്കുകയും 2017-18 വർഷം അനുവദിച്ച അറബിക് അധിക തസ്തിക കുറവ് ചെയ്ത് ശുദ്ധിപത്രം പുറപ്പെടുവിച്ചിരുന്നുവെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6. 2014-2015 അധ്യായന വർഷം വരെ ഉണ്ടായിരുന്ന രണ്ട് അറബിക് തസ്തികകളിൽ 30/04/2014 ന് ശ്രീ. സിതിക്കുടി.എം വിരമിച്ച ഒഴിവിലേക്ക് മാനേജർ നിയമനം നടത്തുന്നത് 01-06-2016 മുതലാണ്. ശ്രീ. സിതിക്കുടി.എം വിരമിച്ച ഒഴിവ് ഒരു വർഷത്തിലധികം നികത്തപ്പെടാത്തതിനാൽ 2015-16 വർഷം ഒരു അറബിക് തസ്തികമാത്രമെ അനുവദിച്ചിട്ടുള്ളൂ. പിന്നീട് 2016-17 അധ്യായന വർഷം ഒരു അറബിക് അധിക തസ്തിക കൂടി അനുവദിച്ചിട്ടുണ്ടെങ്കിലും ശ്രീമതി. ആദില.കെ.എ യുടെ നിയമനം അധിക തസ്തികയിലെ നിയമനമായി മാത്രമെ കണക്കാക്കാൻ സാധിക്കൂ.

7. സർക്കാർ ഈ വിഷയം നിലവിലെ ചട്ടങ്ങൾ ഉത്തരവുകൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു.

8.പരാമർശം 2 പ്രകാരം സത്യപ്രസ്താവന മാനേജർ സമർപ്പിക്കുന്ന പക്ഷം ശ്രീമതി .ആദില.കെ.എ യുടെ നിയമനാംഗീകാരം 01-06-2016 മുതൽ നോഷണലായും 06/02/2021

സ.ഉ.(സാധാ) നം.2470/2022/GEDN

മുതൽ സാമ്പത്തികാനുകൂല്യത്തോടെയും നിയമനാംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാമെന്ന് പരാമർശം 4 പ്രകാരം റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ പരാമർശം 2 പ്രകാരം മാനേജർ സത്യപ്രസ്താവന സമർപ്പിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നല്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജ്യോതിലക്ഷ്മി എൽ
അണ്ടർ സെക്രട്ടറി

പകർപ്പ്:-പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം -695 001

ശ്രീമതി. ആദില.കെ.എ, ഫുൾടൈം അറബിക് ടീച്ചർ, എസ്.എസ്.എ.എൽ.പി. സ്കൂൾ, പള്ളങ്കോട്, കാസർഗോഡ്.

മാനേജർ, എസ്.എസ്.എ.എൽ.പി. സ്കൂൾ, പള്ളങ്കോട്, കാസർഗോഡ്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by Mini.t.r.
Date: 18-04-2022 11:52:35
സെക്ഷൻ ഓഫീസർ